എൽ.ബി.എസ് സെന്ററിനു കീഴിലുള്ള കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിന് 2008 മുതൽ 2011 വരെ എൻ.ബി.എ. റേറ്റിംഗ് ലഭിച്ചിട്ടുണ്ട്. പൂജപ്പുര എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് എന്നീ ബിരുദ കോഴ്സുകൾക്ക് 2 വർഷത്തെ താല്ക്കാലിക എൻ.ബി.എ. റേറ്റിംഗ് ഈ വർഷം ലഭിച്ചിട്ടുണ്ട്. UGC-യുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് നൽകുന്ന NAAC അംഗീകാരം ലഭിച്ച ഈ വകുപ്പിനു കീഴിലുള്ള കോളേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സംസ്ഥാന പദ്ധതി മുഖാന്തരവും കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്യൂപ്പ് II മുഖാന്തരവും ഭൗതിക സാഹചര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി.

7(1051) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി. നൽകുന്നതുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) എഫ്.ഐ.പി. നൽകുന്നതിന് റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ പൂർത്തീകരിക്കണമെന്ന് ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; വിശദവിവരം നൽകുമോ;

(സി) അദ്ധ്യാപകരുടെ റെഗുലറൈസേഷനും പ്രൊബേഷനും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലം അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കാലതാമസം എഫ്.ഐ.പി. എടുക്കുന്നതിന് തടസ്സമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അദ്ധ്യാപകരുടെ വീഴ്ചയല്ലാതെയുള്ള കാലതാമസത്തിന് പരിഹാരമായി കോളേജ് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3 വർഷം തുടർ സേവനം പൂർത്തിയാക്കിയ സ്ഥിര അദ്ധ്യാപകർക്ക് എഫ്.ഐ.പി. ഡെപ്യൂട്ടേഷന് അപേക്ഷിക്കാൻ അർഹതയുണ്ട്. എന്നാൽ ഇങ്ങനെ വിടുതൽ ചെയ്യുന്ന അദ്ധ്യാപകരുടെ പ്രായപരിധി 50 വയസ് കവിയാൻ പാടില്ല. ഒരു സ്ഥാപനത്തിൽനിന്നും എഫ്.ഐ.പി. ഡെപ്യൂട്ടേഷന് വിടുതൽ ചെയ്യുന്ന അദ്ധ്യാപകർ 20%-ൽ കവിയാൻ പാടില്ല.

(ബി) എഫ്.ഐ.പി. നൽകുന്നതിന് റഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ പൂർത്തീകരിക്കണമെന്നുള്ള പ്രത്യേക ഉത്തരവൊന്നും നിലവിലില്ല എന്നാൽ സ്ഥിക അദ്ധ്യാപകർക്ക് മാത്രമേ എഫ്.ഐ.പി. ഡെപ്യൂട്ടേഷന് അർഹതയുണ്ടായിരിക്കുകയുള്ളുവെന്ന് യു.ജി.സി.-യുടെ മാർഗ്ഗ -നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി

8 (1052) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം അനുവദിക്കുന്നതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly